

# ബൈബിൾ ദൂത്

# ALMOST FREE !

## Excellent Christian Literature

You can receive 20 books (English) worth two hundred rupees for rupees twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge, Your M. O. should be addressed to.

Editor
**THE BIBLE TEACHER**
**C-22 N. D. S. E.2**
New Delhi-110049

# ബൈബിൾ ട്രൂത്ത്


Editors

P. K. VARGHESE *** J. C. CHOATE

*** *** ***

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 7 | February 1994 | No. 11


അമിതഭാരം ചുമക്കുന്ന മൃഗങ്ങളെ കാണുമ്പോൾ നമുക്കു സഹതാപം തോന്നും. ആർക്കോ വേണ്ടി തങ്ങൾ അതിനു നിർബ്ബന്ധിതരാവുകയാണ്. അവയ്ക്കു അതിനെ ചെറുക്കാൻ പററുന്നില്ലല്ലൊ. അതുകൊണ്ട് ഈ മൃഗങ്ങൾ അതെല്ലാം സഹിക്കുകയാണ്. ഇന്നത്തെ നമ്മുടെ യുവതലമുറയെ നാം നിരീക്ഷിക്കുമ്പോൾ അവർ ഈ മൃഗങ്ങളിൽ നിന്നും വ്യത്യസ്ഥരാണല്ലൊ. എങ്കിലും അവർ ചുമക്കുന്ന അകൃത്യഭാരം അപാരമാണ്. നമുക്കു സങ്കൽപിക്കാൻ പോലും സാദ്ധ്യമല്ലാത്ത തെററുകളാണ് ഇവർ ചെയ്യുന്നതു. പ്രലോഭനങ്ങൾ എന്തായാലും ഇതിന്റെ അനന്തരഫലം ശോചനീയമത്രെ. "യുവത്വത്തിൽ നീ നിന്റെ സ്രഷ്ടാവിനെ ഓർക്ക" എന്ന വേദവാക്യവും ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിക്ക; വൃദ്ധനായാലും അവൻ അതു വിട്ടുമാറുകയില്ല എന്നതും അവരെ പഠിപ്പിക്കാത്തവർ ഇതിനു ഉത്തരവാദികളാണ്. സഭാ വിഭാഗങ്ങൾ പെരുകിയതുകൊണ്ടോ സാമൂഹ്യസേവനം എത്ര വർദ്ധിപ്പിച്ചതുകൊണ്ടോ ഇവയ്ക്കൊന്നും പരിഹാരം പൂർണ്ണമാകയില്ല. ദൈവിക പരിജ്ഞാനത്താലുള്ള ബോധവൽക്കരണം ഇതിനു അത്യന്താപേക്ഷിതമാണ്. എല്ലാവർക്കും എല്ലാ കാലത്തും മനുഷ്യരുടെ നൻമക്കും വിമോചനത്തിനും ആവശ്യം മറെറാന്നല്ല.

എഡിററർ

# നിഷേധങ്ങളിൽ നിന്നും ഉള്ള അകൽച്ച

### J. C ചോട്ട്

ലോകത്തിൽ ക്രിയാത്മകവും നിഷേധാത്മകവുമായ കാര്യങ്ങൾ ഉണ്ട്. മിക്കവാറും പേർ കേൾക്കുന്നതിനെ ഉടനെ പ്രതികരിക്കയും തീർപ്പു കൽപിക്കയും ചെയ്യുന്നു വേറെ ചിലർ നിഷേധകുറിപ്പുകളായിരിക്കും പാസാക്കുക. ഇവർക്കു എല്ലാ തരത്തിലുമുള്ള പ്രശ്നങ്ങൾ കണ്ടേക്കാം. ഭരണകൂടത്തിൻമേൽ അവർ താഴെക്കിടയിൽ ആയിരിക്കും, അവരുടെ ജോലികൾ ഒന്നും നന്നായി ചെയ്യുകയില്ല, പരാതികൾ പലതും ഉയരുന്നതു സ്വാഭാവികം. വിലക്കയററം തുടങ്ങിയ വശങ്ങളിൽ ആണ് അവർ കടന്നു പിടിക്കുന്നതു. സത്യസന്ധമായി ചിന്തിച്ചാൽ സർക്കാരിന് ന്യൂനതയുണ്ട്, അപാകതകൾ എല്ലാ തുറയിലും ഉണ്ട്. പക്ഷെ അതിനു മറെറാരു വശം കൂടെയുണ്ട്. ക്രിയാത്മകമായ വശം. അവയെക്കുറിച്ച് ചിന്തിക്കുമ്പോൾ നിഷേധാത്മകം വളരെ കുറവു മാത്രം. എങ്ങനെയെങ്കിലും ജീവിതത്തെ ക്രിയാത്മകമായി നേരിട്ടാൽ നിഷേധാത്മകങ്ങളെല്ലാം വളരെ മാർദ്ദവമായി തോന്നും.

ക്രിസ്തീയ ജീവിതത്തിൽ ആയാൽ പോലും ചില എതിർവാദങ്ങൾ ഉണ്ട് എന്നു നാം സമ്മതിച്ചേ തീരു. ധാരാളം മോശമായ കാര്യങ്ങൾ ഈ ലോകത്തിൽ ഉണ്ട്. അവയെ നാം വർജ്ജിക്കേണം; പരിത്യജിക്കപോലും ചെയ്യണം. ക്രമം കെട്ട് അവിശ്വസ്ഥരായി നടക്കുന്ന സഹോദരങ്ങളെ അച്ചടക്കത്തിൽ നിർത്തേണം എന്നു കർത്താവ് പ്രസ്താവിച്ചിരിക്കുന്നു. അതു ചെയ്യേണ്ട രീതികളിൽ ഒന്ന്, വിശ്വസ്ഥരായ സഹോദരങ്ങൾ അങ്ങനെയുള്ളവരുമായി ആത്മീയ കൂട്ടായ്മ പിൻവലിക്കുക എന്നതാണ് (എബ്രായർ 12:1-11; മത്തായി 18:15-17). ഇതുപോലുള്ള അച്ചടക്കം അത്ര

സുഖകരമായി തോന്നുകയില്ല. പക്ഷെ അതു പ്രായോഗിക മാക്കണം. സൌമ്യമായ ഉപദേശങ്ങൾ സ്വീകരിക്കാത്ത പക്ഷം ചെയ്യേണ്ടതാണ് അതു.

താഴെ പറയുന്നതുപോലെയുള്ള എതിർവാദങ്ങൾ പറഞ്ഞുകേൾക്കാറുണ്ട്. ഞങ്ങളെക്കൊണ്ട് ഇതു ചെയ്യാൻ പററുകയില്ല; "അതു ചെയ്യാൻ പററുകയില്ല". "അവർ ചെയ്യുന്നില്ലല്ലോ"; "അവരെ പോയി കണ്ടതുകൊണ്ടോ പറഞ്ഞതുകൊണ്ടോ ഒരു പ്രയോജനവുമില്ല. "യോഗത്തിനു പോയി ക്ഷണിച്ചിട്ടു വന്നില്ലല്ലൊ. പിന്നെ അവരെ പോയി കാണേണ്ട കാര്യമില്ല; ആരാധനക്കുപോയി ക്ഷണിച്ചാലും വരികയില്ല"; "അതെല്ലാം സമയനഷ്ടം മാത്രം" എന്നു തുടങ്ങിയ അനേക വാദമുഖങ്ങൾ നിങ്ങൾ കേട്ടിരിക്കാം. ഇപ്പോൾ അവർ എങ്ങനെ ഈ തീരുമാനത്തിൽ എത്തിച്ചേർന്നു? ചിലപ്പോൾ അവയിൽ ചിലതോ അല്ലെങ്കിൽ മിക്കവാറുമോ നാം അനുഭവത്തിൽ അറിഞ്ഞതാകാം. ധാരാളം പേർ ഒന്നും ചെയ്യാൻ താൽപര്യമുള്ളവരല്ല; മററുള്ളവർ ചെയ്യണമെന്ന ആഗ്രഹക്കാരുമല്ല. അതുകൊണ്ടാണ് "അതുകൊണ്ട് ഒരു പ്രയോജനവുമില്ല" എന്ന നിഗമനത്തിൽ അവർ എത്തിച്ചേരുന്നതു. വാസ്തവത്തിൽ ഇതു സൂത്രത്തിൽ ഒഴിഞ്ഞുമാറുവാനുള്ള തന്ത്രമാണ്. എന്തു ചെയ്താലും അതിനു വലിയ മാററമൊന്നും സംഭവിക്കയില്ല എന്ന തോന്നൽ ഒന്നും ചെയ്യാതിരിക്കുന്നവരുടെ മനഃസാക്ഷിയിൽ കുററബോധം ജനിക്കാതിരിക്കുന്നു. അവിടെയാണ് നാം പരാജയപ്പെടുന്നതു.

ഒരു വ്യവസായി തന്റെ വ്യാപാരജീവിതത്തെ ഇങ്ങനെ കാണുന്നില്ല. വിൽപനക്കാരൻ ഒരിക്കലും അങ്ങനെ കാര്യങ്ങൾ വിവേചിക്കുന്നില്ല. നമ്മുടെ അയൽക്കാരായ മതപരമായ ആളുകൾ അങ്ങനെ ചിന്തിക്കുകയോ തീരുമാനിക്കയോ ചെയ്യുന്നില്ല. നാമധേയവിഭാഗങ്ങളിലുള്ള ആളുകൾ അത്തരത്തിൽ കാര്യങ്ങൾ കാണുന്നില്ല. ഒരു നല്ല കച്ചവടക്കാരൻ തന്റെ ഉൽപന്നവസ്തു ആർക്കും വിൽക്കുവാൻ സന്നദ്ധനാണ്. അവനു വിൽക്കാതിരിക്കാൻ ഇവയൊന്നും തടസ

മായി തീരുന്നില്ല. അവർ വീണ്ടും വീണ്ടും പരിശ്രമിക്കുകയും അതിന്റെ ഫലമായി മതിയായ വിൽപന നടത്തുകയും ഉപജീവനത്തിനു വരുമാനം ഉണ്ടാക്കുകയും ചെയ്യുന്നു. അവർ അതു മുകളിൽ പറഞ്ഞ കാരണങ്ങളാൽ ഉപേക്ഷിച്ചാൽ അവർക്കു പണം കിട്ടുകയില്ല. പണം കിട്ടിയില്ലെങ്കിൽ ഒന്നും ഭക്ഷിക്കുവാനും സാദ്ധ്യമല്ല. അതുകൊണ്ട് അവർ അടങ്ങിയിരിക്കുന്നില്ല. സമുദായവിഭാഗങ്ങളിലുള്ള നമ്മുടെ സ്നേഹിതൻമാർ അവരുടെ വിശ്വാസവും ആചാരവും ബൈബിളിൽ ഇല്ലെങ്കിൽ പോലും അതു അപരനെ പഠിപ്പിക്കുന്നതിൽ അവർ തൽപരരാണ്. കാരണം അവർ വിശ്വസിക്കുന്നതിലും നിലനിൽക്കുന്നതിലും അവർ ആത്മാർത്ഥത കാണിക്കുന്നു. അതുകൊണ്ട് അവർ അതിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നാം സത്യം വിശ്വസിക്കയും അനുസരിക്കയും ചെയ്തവർ എന്നു വരികിൽ അതിൽ ജീവിക്കണം. അതു ഏതൊരു വ്യക്തിയോടും അറിയിക്കണം. അതിൽ ഒഴിവുകഴിവു പറയാവുന്നതല്ല. നമ്മുടെ ആത്മാർത്ഥത നാം ദൈവത്തോടാണ് പ്രകടിപ്പിക്കേണ്ടതു ഫലത്തെക്കുറിച്ച് നാം വ്യാകുലപ്പെടേണ്ട.

ക്രിസ്തുവിലുള്ള എന്റെ സഹോദരനോടും സഹോദരിയോടും എനിക്കുള്ള പ്രബോധനം എന്തെന്നാൽ നാം അകത്തും പുറത്തും ഉള്ള ജോലികളിൽ ഇറങ്ങി പ്രവർത്തിക്കാൻ സന്നദ്ധത പ്രകടിപ്പിക്കണം. ഭൗതിക ജോലികളിൽ നാം കാണിക്കുന്ന ശ്രദ്ധയും പ്രതിപത്തിയും ആത്മീയവേലകളിലും ഉണ്ടാക്കിയെടുക്കണം. നമ്മുടെ ഭാവിയും കുടുംബാംഗങ്ങളുടെ നിലനിൽപും ഭൗതികവരുമാനത്തെ ആശ്രയിച്ചിരിക്കും എന്നതു വാസ്തവമാണ്. ലൗകികമായ എന്തെങ്കിലും ഒരു ജോലി ഒരു കുടുംബത്തിനു കിട്ടുമ്പോൾ ആ കുടുംബം അതിൽ സന്തോഷം കണ്ടെത്തുന്നു. ജോലിയിൽ പ്രവേശിക്കുന്ന ആൾ അതു വിജയകരമായി ചെയ്യുവാൻ വളരെ അദ്ധ്വാനിക്കുന്നു. അതിനേക്കാൾ വലുതാണ് ദൈവിക ശുശ്രൂഷ. കാരണം ഭൗതികമായാലും ആത്മീകമായാലും എല്ലാം ദൈവത്തിൽ നിന്ന് ഉൽഭവിക്കുന്നതാണല്ലോ. അതി

നാൽ ആ ദൈവത്തെ പ്രസാദിപ്പിക്കുന്നതിൽ നാം പരാജയം അടയരുത്. ദൈനന്തിന ആഹാരത്തിനായി പ്രവർത്തിച്ചെങ്കിലേ അതു ലഭിക്കൂ; ഇല്ലെങ്കിൽ പട്ടിണി കിടക്കേണ്ടി വരും. അതുപോലെയല്ലല്ലൊ ആത്മീക കാര്യങ്ങൾ എന്ന ചിന്ത ചിലരെ പിൻമാററി നിർത്തും. ഭൗതിക ജീവിതവിജയത്തേക്കാൾ ആത്മീകജീവിതം വിജയിപ്പിച്ചാൽ ലഭിക്കുന്ന പ്രതിഫലം സങ്കൽപിക്കാവുന്നതിനും അപ്പുറമാണ്.

എങ്ങനെയായാലും ക്രിസ്ത്യാനികളായ നാം നിഷേധാത്മകങ്ങളെ ഒഴിവാക്കി ക്രിയാത്മകങ്ങളെപ്പററി ചിന്തിക്കണം. "എന്നെ ശക്തനാക്കുന്ന ക്രിസ്തു മുഖാന്തരം ഞാൻ സർവ്വത്തിനും മതിയായവൻ" എന്നത്രെ പൌലോസ് പ്രതിപാദിച്ചതു (ഫിലിപ്പിയർ 4:13). നാം ശ്രദ്ധിച്ച് മനസിലാക്കേണ്ടതു കർത്താവിൻെറ വാഗ്ദാനം; അവൻ നമ്മോടുകൂടെ എന്നും ഉണ്ടാകും. 'ദൈവവചനമെന്ന ആത്മാവിൻെറ വാൾ മനുഷ്യ മനസിനെയും ഹൃദയത്തേയും ആത്മാവിനെയും തുളച്ചു ചെല്ലത്തക്ക ശക്തിയുള്ള സുവിശേഷമാണ് ദൈവം നൽകിയിട്ടുള്ളതു. കർത്താവിൽ വിശ്വാസം അർപ്പിക്കുന്നവരേയും അവൻെറ സുവിശേഷം അനുസരിക്കുന്നവരേയും രക്ഷിക്കുന്നതു മററൊന്നുമല്ല. അങ്ങനെയുള്ള അവസരത്തിൽ നിങ്ങൾ പറയുന്നു, "ഓ ഞങ്ങൾ ആരോട് പറയാൻ? പറയുന്നവരെല്ലാം തള്ളിക്കളയുകയാണ്; അവരാരും സമ്മതിക്കുന്നില്ല" എന്നൊക്കെ പറഞ്ഞു മാറുവാൻ ശ്രമിക്കുമ്പോൾ നിങ്ങൾ എടുക്കുന്ന തീരുമാനവും, ലക്ഷ്യവും എല്ലാം നിങ്ങളുടേതായി മാറുന്നു. കർത്താവിൻെറ കാര്യം നോക്കുവാൻ പിന്നെ ആരാണുള്ളതു ? എല്ലാവരും സ്വന്ത കാര്യം നോക്കുന്നവരായാൽ കർത്താവിൻെറ സേവ ചെയ്‌വാൻ പിന്നെ ആരുണ്ട് ?

എന്തു കൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു? നമ്മുടെ സഹോദരങ്ങൾ ആളുകളെക്കുറിച്ച് തരം താഴ്ന്ന രീതിയിൽ ചിന്തിക്കുകയാണ്. അവരെ സംശയിക്കുകയോ അവരുടെ ഉദ്ദേശ്യ ശുദ്ധിയെ ചോദ്യം ചെയ്യുകയോ ആവാം ചെയ്യു

ന്നതു. ലോകത്തുള്ള ആളുകളുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നതു തികച്ചും അനുചിതമായിരിക്കും. ചിലർ നമ്മെ നിരാശരാക്കും എന്നതു വാസ്തവമാണ്. പക്ഷെ മററുള്ളവർ അതിന് വില മതിക്കത്തക്കതായിരിക്കും എന്ന കാര്യം നാം മറക്കരുതു. യേശുക്രിസ്തു എല്ലാവരേയും അവങ്കലേക്കു ക്ഷണിക്കുകയുണ്ടായി. ആരെയും ഒഴിവാക്കാതെയിരുന്ന അതേ മാതൃക നാമും പിൻപററണം. സുവിശേഷം അറിയിച്ചില്ല എങ്കിൽ നമുക്കു അയ്യോ കഷ്ടം എന്നാണ് കർത്താവ് അരുളിച്ചെയ്തിരിക്കുന്നതു.

നാം എന്തു ആഗ്രഹിക്കുന്നോ അതാണ് നാം ചെയ്യുന്നതു. എത്ര ദൂരം നമുക്കു സഞ്ചരിക്കാൻ സാധിക്കുമോ അത്ര ദൂരം പോകുക. സുവിശേഷീകരണത്തിൽ ഒരു രീതി അപ്രായോഗികമായി തോന്നിയാൽ അതു മാററി മറെറാന്നു സ്വീകരിക്കാം. ക്രിസ്ത്യാനികളായ നമുക്കു ഒന്നും ഉപേക്ഷിക്കാവുന്നതല്ല. പ്രത്യേകിച്ച് നമ്മെ ഭരമേൽപിച്ചിരിക്കുന്ന ചുമതലകൾ. നമുക്കു സഞ്ചരിക്കുവാനുള്ള ഏക വഴി മുന്നോട്ടും ഉയരത്തിലേക്കും ഉള്ളതാണ് ആ വഴി. ക്രിയാത്മകമായി ചിന്തിച്ച് ക്രിയാത്മകമായി പ്രവർത്തിച്ചാൽ ഫലവും ക്രിയാത്മകമായിരിക്കും. കാരണം അപ്പോൾ ദൈവം നമ്മോടൊപ്പം ഉണ്ടാകും. ഇതു പരിശീലിക്കുകയാണെങ്കിൽ നിങ്ങൾക്കു സാഫല്യം അനുഭവിക്കാം.

★

സ്ത്രീകൾക്കുവേണ്ടി:

# സ്ത്രീയും ആരാധനയും

ബെററി ബി സി.

ആരാധനാലയം വിശേഷിച്ച് വിദൂരസ്ഥലത്താണെങ്കിൽ പുരുഷൻ മാത്രം സഭായോഗത്തിൽ പങ്കെടുക്കാൻ പോകയും സ്ത്രീയും കുട്ടികളും വീട്ടിൽ തന്നെ കഴിയുകയും

ചെയ്യും. വീട്ടിലുള്ള എല്ലാവരും ഒരുമിച്ചു ആരാധനയ്ക്കു പോകാതിരിക്കുന്ന സ്ഥിതിയെ നാം കണ്ടില്ലെന്നു നടിക്കരുതു. പട്ടണങ്ങളിൽ യാത്രാസൗകര്യങ്ങൾ തൽസമയത്തു കിട്ടുകയില്ലെന്ന പരാതിയും ഇല്ലാതില്ല.

ഈ ശീലം നമ്മുടെ ചിന്താധാരയെ ഉണർത്തിവിടുന്നു. കാരണങ്ങൾ പൊതുവിൽ പറഞ്ഞുകേൾക്കാറുള്ളതു. കുട്ടികൾ ആത്മീയമായ കാര്യങ്ങൾ പഠിക്കത്തക്ക പ്രായമെത്തിയിട്ടില്ലല്ലോ അവരെന്തു പഠിക്കാൻ? അതുകൊണ്ട് തിരക്കുള്ള ബസുകളിൽ അവരെ തിക്കി ഞെരുക്കി വണ്ടിക്കൂലിയും മററും കൊടുത്തും കൊണ്ടുവരുന്നതുകൊണ്ട് പ്രയോജനമെന്നുമില്ല. അതു അനാവശ്യമായ ഒരു ചെലവായി തീരും. അതൊഴിവാക്കാൻ കുട്ടികളെ വീട്ടിലാക്കും. കുട്ടികളെ നോക്കുവാനായി അമ്മയും വീട്ടിൽ ഇരിക്കും.

ഇത്തരം പരിശീലനങ്ങളുടെ ഫലമെന്താണ്? ഭർത്താവു മാത്രം ആരാധനക്കു പോകുമ്പോൾ അദ്ദേഹത്തിനു മാത്രമാണ് മററുള്ളവരോടു കൂട്ടായ്മ അനുഭവിക്കാൻ പററുന്നതു. ആത്മീയ പരിജ്ഞാനവും മററാർക്കും കിട്ടുന്നില്ല. അതിനാൽ ശക്തമായൊരു കുടുംബബന്ധം പുലർത്താൻ കഴിയാതെവരും. ഇങ്ങനെയാകുമ്പോൾ ഒത്തൊരുമിച്ച് ബൈബിൾ സത്യങ്ങൾ ഗ്രഹിക്കുവാൻ കഴിയുമോ? ഒരാൾ പഠിക്കുന്നതു മററുള്ളവർക്കു പകർന്നു കൊടുത്തുകൂടെ എന്നു ചോദിച്ചേക്കാം. പക്ഷെ അതു പലപ്പോഴും സംഭവിക്കാറില്ല. സഭാ പ്രവർത്തനങ്ങളിലോ കൂട്ടായ്മകളിലോ ഈ കുടുംബത്തിനു പങ്കു ചേരുവാൻ പററുകയില്ല. ആരാധന കഴിഞ്ഞാലുടൻ വീട്ടിലേക്കു പോകേണ്ട അവസ്ഥയായിരിക്കും ഒരാൾ മാത്രം വരുമ്പോൾ ഉണ്ടാകുന്നതു. വല്ലപ്പോഴും കാണുന്ന സഹോദരങ്ങളുമായി അടുത്തു ഇടപഴകുവാനോ സ്നേഹിപ്പാനോ കഴിയാതെ വരുന്നതും ഇക്കാരണത്താലത്രെ. ശരിയായ ക്ലാസ്സുകൾ കുട്ടികൾക്കു തയ്യാറാക്കുന്നതിനോ പഠിപ്പിക്കുന്നതിനോ കഴിയാതെ വരുമ്പോൾ അവർ വളരുകയോ അറിവുള്ളവരായി തീരുകയോ ചെയ്യുന്നില്ല.

ഭർത്താവ് മാത്രം ആരാധനക്കു പോയിക്കൊണ്ടിരിക്കുന്ന ഒരു കുടുംബത്തിൽ ഭർത്താവ് ക്രമേണ ആത്മീയമായി ബലഹീനനാകും. കാരണം അദ്ദേഹത്തിൻെറ കുടുംബാംഗങ്ങൾ അതിനൊത്തു സഹകരിക്കാതെ വരുന്നു അങ്ങനെ തുടരുമ്പോൾ ആ കുടുംബം മുഴുവൻ ഭാവിയിൽ സത്യത്തിൽ നിന്നും വീണുപോകുവാൻ സാദ്ധ്യതയില്ലേ ? അതു ക്രിസ്ത്യാനികളായ നാം തിരിച്ചറിയുന്നുണ്ടോ ? ഇന്നത്തെ ക്രിസ്തീയ തലമുറ നിലനിൽക്കയും ഇന്നത്തെ യുവാക്കളാണ് നാളത്തെ സഭ എന്ന തോന്നൽ ഉണ്ടാക്കിയെടുക്കയും ചെയ്യേണ്ടതു നാം ഓരോരുത്തരുമാണ്. അതിനായി നാം ഉറപ്പു വരുത്തേണ്ടതു: കുടുംബം ഒന്നായി ആരാധനക്കുപോകയും സഭാ കാര്യങ്ങളിൽ എല്ലാവരും സജീവമായി പങ്കെടുക്കയും ചെയ്യുന്നതിലൂടെയാണ്. കുടുംബത്തെ മുഴുവനായി നാം ആത്മീയമായി അഭ്യസിപ്പിച്ചില്ലെങ്കിൽ അവർ ഭാവിയിൽ നഷ്ടപ്പെട്ടുപോകാനാണ് സാദ്ധ്യത എന്നു വീണ്ടും ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഈ അപകടകരമായ അവസ്ഥയെ നാം മുന്നറിഞ്ഞു പ്രവർത്തിക്കണം. അതുണ്ടാകാതെ നമ്മുടെ ഭവനത്തെ നാം കാത്തു സംരക്ഷിക്കണം. നാം ഓരോരുത്തരും അതിനായി ഉററു ശ്രമിക്കണം. ഭൗതികമായ കാര്യങ്ങളേക്കാൾ ആത്മീയ കാര്യങ്ങളിൽ നാം ശ്രദ്ധ ചെലുത്തണം.

സ്ത്രീക്കും ആത്മാവുണ്ട്. അവൾ ദൈവത്തെ ആരാധിക്കേണ്ടതിൻെറ ആവശ്യകത അറിഞ്ഞിരിക്കണം. ദൈവവചനത്തിൽ നിന്നും നടത്തിപ്പും പ്രോൽസാഹനവും അവൾ കേട്ടു പഠിക്കേണ്ടതും സഭയിലുള്ള വ്യക്തികളെ; ക്രിസ്തുവിലായി തീർന്ന സഹോദരിമാരെ സ്നേഹിക്കാൻ അവൾ പഠിക്കണം. എങ്കിലേ അവളുടെ സന്തോഷത്തിലും ദുഃഖത്തിലും മററുള്ളവർ അവളുമായി പങ്കിടുകയുള്ളു. പരസ്പരമുള്ള കരുതൽ ഈകാര്യത്തിൽ ഉണ്ടാകണം. അന്യോന്യം പ്രബോധനം ഉൾക്കൊള്ളേണ്ട കാര്യം നാം മറക്കരുതു. നമ്മുടെ കുറവുകൾ പരിഹരിക്കാനും ബലഹീനതകൾ ഇല്ലാതാക്കാനും വീട്ടിൽ ചുരുണ്ടുകൂടി ഇരുന്നാൽ പററുകയില്ല പെരു

മാററവും സ്വഭാവരൂപീകരണവും ഇങ്ങനെയുള്ള ബന്ധത്തിൽ കൂടെയാണ് ലഭിക്കുന്നതു്. ദുഃഖത്തിൽ ആശ്വാസം കിട്ടുന്നതും നിരാശയിൽ തളരാതെ പ്രോൽസാഹനം ലഭിക്കേണ്ടതും അനിവാര്യമാണ്. നാം മാത്രമല്ല; നമ്മുടെ കുട്ടികളുടെ ഈ രീതിയിൽ അറിവുള്ളവരും ആത്മീയ പ്രവൃത്തികളിൽ സഹകരിക്കുന്നവരും ആകണം. അപ്പോഴാണ് ജീവിതത്തിൽ മിക്കവാറും നമുക്കു ആഹ്ലാദിക്കാൻ കഴിയുക.

സ്ത്രീകൾക്കു ചെയ്യാവുന്ന നിരവധി കാര്യങ്ങൾ ഉണ്ട്. സഭയുടെ വളർച്ചക്കു അവരും ചേർന്നു പ്രവർത്തിക്കണം. സഹോദരിമാരെ സന്ദർശിക്കുക, അവരെ ഉത്തേജിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സ്ത്രീകളല്ലേ ഇടപെടേണ്ടത് ? ഒന്നാം നൂററാണ്ടിലെ സ്ത്രീകൾ അവരുടെ കഴിവുകൾ മൂടിവെച്ചില്ല; അവർ അതു ഉപയോഗിച്ചിരുന്നു. ആത്മീയമായി ദൈവശുശ്രൂഷയെ നാം അഗണ്യമായി വിചാരിക്കരുതു. എന്നെപ്പോലെ മററു സ്ത്രീകളെല്ലാം വിചാരിച്ചാൽ സഭയിൽ എത്ര സ്ത്രീകൾ ഉണ്ടാകും എന്ന് ചിന്തിച്ചു നോക്കൂ. ശക്തമായ ആത്മീയ ഉദ്ദീപനം കൊണ്ടേ ഏതൊരു സഭയും വളരുകയുള്ളൂ.

പ്രായപൂർത്തിയായവരെ പഠിപ്പിക്കുന്ന നിലവാരത്തിലുള്ള ആത്മീയപഠനം ഗ്രഹിക്കുവാൻ കുട്ടികൾക്കു കഴിയുകയില്ല എന്നതു വാസ്തവം തന്നെ. പക്ഷെ അവർക്കു അവരുടേതായ നിലവാരത്തിൽ പഠനം നടത്തുമ്പോൾ അതു മനസിലാക്കാൻ സാധിക്കും. അതുപോലെ, അവർക്കു മററു ലോകപ്രകാരം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കുട്ടികളുടെ നിർബ്ബന്ധമോ ദുശ്ശാഠ്യമോ വരാതിരിക്കുവാൻ ഇതു ഒഴിവാക്കാവുന്നതല്ല അതല്ലെങ്കിൽ അവരുടെ സ്വഭാവത്തിന്റെ കൈപ്പ് നിങ്ങൾ രുചിക്കേണ്ടിവരും. കർത്തൃദിവസത്തിൽ കുട്ടികളും സ്ത്രീകളും പുരുഷന്മാരും എല്ലാവരും പങ്കെടുക്കുമ്പോൾ അവർക്കു ലഭിക്കേണ്ട ദൂതുകൾ അവരുടെ ജീവിതത്തിൽ തികച്ചും പ്രയോജനപ്പെടുന്നതാണ്.

ബാലൻ നടക്കേണ്ട വഴിയിൽ അവനെ അഭ്യസിക്ക; വൃദ്ധനായാലും അവൻ അതു വിട്ടു മാറുകയില്ല. ദൈവികസത്യത്തിലും പരിജ്ഞാനത്തിലും വേണം എല്ലാവരും വളരുവാൻ.

കുടുംബം മുഴുവൻ ആഴ്ച വട്ടത്തിൻെറ ഒന്നാം നാൾ ആരാധനക്കു വരുന്നതു മാത്രം പോരാ. വീട്ടിൽ എല്ലാവരും ഒരുമിച്ച് വേദഭാഗം വായിച്ച്, ധ്യാനിച്ച് പരസ്പരം പ്രബോധിപ്പിക്കേണ്ടതു ഒഴിച്ചു കൂടാനാവാത്ത ഒന്നാണ്. ദൈവവുമായ ബന്ധം 'വർദ്ധിപ്പിക്കുവാൻ ഇതു സഹായമാകും എല്ലാ ദിവസവും ഇതിനായി നിങ്ങൾ സമയം കണ്ടെത്തണം. ഒരാഴ്ച്ചക്കാലത്തേക്കുവേണ്ട പോഷണം രണ്ടു മണിക്കൂർ കൊണ്ടു ലഭിക്കുന്നില്ല. അതുകൊണ്ട് ദിവസവും നാം ദൈവവചനം പഠിക്കുകയും പ്രാർത്ഥിക്കുകയും വേണം. ആത്മിക വർദ്ധനയും അനുഗ്രഹവും ദൈവത്തിൽനിന്നും ആർജ്ജിച്ചെടുക്കാൻ നാം എപ്പോഴും ശ്രമിക്കണം. കുടുംബാംഗങ്ങൾ എല്ലാവരും ഇതിൽ യോജിച്ച് പങ്കെടുക്കണം. അതാണ് ശക്തി സംഭരിക്കാനുള്ള മാർഗ്ഗം.

ക്രിസ്ത്യാനികളായ നാം നമ്മുടെ ആത്മാക്കളെ നഷ്ടപ്പെടുത്തിയാൽ ഈ ലോകത്തിൽ നമുക്കു നേരിടേണ്ടിവന്ന കഷ്ടനഷ്ടങ്ങൾ, ലാഭങ്ങൾ, നേട്ടങ്ങൾ, വിജയങ്ങൾ എന്നിവയെല്ലാം പൊടിയെക്കാളും വെണ്ണീരിനെക്കാളും വലിയ പ്രാധാന്യമുള്ളവയല്ല. നാം എത്ര കഠിനാദ്ധ്വാനം ചെയ്തു കുട്ടികൾക്കായി കരുതുന്നുവോ അതു ഒന്നും അല്ലാതായി തീരുന്നു. അവർക്കു ആത്മീയ പരിശീലനം നൽകി നിത്യ ജീവന് അവകാശികളാക്കി മാററാതെ മറെറന്തു നൽകിയാലും അതു പാഴായി പോകും. നമ്മുടെ ജീവിതത്തിൽ മുൻഗണന കൊടുക്കേണ്ടതു ആദ്യം ശരിയാക്കിയെടുക്കണം. "ഒരു മനുഷ്യൻ സർവ്വ ലോകവും നേടിയിട്ടു തൻെറ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം"?

(മത്തായി 16:26).

★

# സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിപ്പിൻ

ക്ലെം തർമാൻ

ഭൗതിക ലോകത്തിലാണ് നാം ജീവിക്കുന്നതു. "അതിൽ എനിക്കെന്താണ് ?" എനിക്ക് അതു എന്തു വിലയ്ക്കു വിൽക്കാനാകും ? എനിക്ക് എത്ര സമയം ഒഴിവു കിട്ടും ? ഇത്തരം ചോദ്യങ്ങൾ നമ്മുടെ സമൂഹത്തിൽ ഇന്നു മുഴങ്ങി കേൾക്കുന്നവയാണ്. അതു അവരുടെ ലക്ഷ്യത്തെ വ്യക്തമാക്കുന്നു. ഭൂരിഭാഗം പേരും ജീവിതത്തിലെ ഭൗതികകാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തുന്നവരാണ്. ഈ വിധത്തിൽ ലക്ഷ്യം കണ്ടെത്തുന്ന ജീവിതം ശൂന്യമാണെന്ന് ശലോമോൻ രേഖപ്പെടുത്തിയിരിക്കയാണ്. ഈ എഴുത്തുകാരന്, ബുദ്ധി, വിവേകം, ജ്ഞാനം, ധനം അഭിമാനം, വിനോദം, ശക്തി അഥവാ അധികാരം എന്നിവയെല്ലാം ഉണ്ടായിരുന്നു. നമുക്ക് അതു പരിശോധിക്കാം. "ഹാ മായ മായ എന്നു സഭാപ്രസംഗി പറയുന്നു; ഹാ മായ, മായ സകലവും മായയത്രേ. സൂര്യനു കീഴിൽ പ്രവർത്തിക്കുന്ന സകല പ്രയത്നത്താലും മനുഷ്യനു എന്തു ലാഭം ? ഒരു തലമുറ പോകുന്നു; മറ്റൊരു തലമുറ വരുന്നു; ഭൂമിയോ എന്നേക്കും നിൽക്കുന്നു." "ഞാൻ എന്നോടു തന്നെ പറഞ്ഞു; വരിക ഞാൻ നിന്നെ സന്തോഷം കൊണ്ടു പരീക്ഷിക്കും; സുഖം അനുഭവിച്ചുകൊൾക; എന്നാൽ അതും മായ തന്നേ. ഞാൻ ചിരിയെക്കുറിച്ചു അതു ഭ്രാന്തു എന്നും സന്തോഷത്തെക്കുറിച്ച് അതുകൊണ്ടെന്തു ഫലം എന്നും പറഞ്ഞു. മനുഷ്യർക്കു ആകാശത്തിൻ കീഴെ ജീവപര്യന്തം ചെയ്‌വാൻ നല്ലതു ഏതെന്നു ഞാൻ കാണുവോളം എന്റെ ഹൃദയം എന്നെ ജ്ഞാനത്തോടെ നടത്തിക്കൊണ്ടിരിക്കുന്നു (സഭാപ്രസംഗി 1:2-3; 2:1-17).

കുറച്ചുള്ളവർ അധികത്തിനായി വാഞ്ഛിക്കുന്നു. അധികം ലഭിക്കുമ്പോൾ വളരെയധികം കിട്ടേണ്ടതിനു ആഗ്രഹിക്കുന്നു. എത്ര ലഭിച്ചാലും മതിയാവുകയില്ല; ഒരിക്കലും അതിനാൽ തൃപ്തിപ്പെടുകയുമില്ല. കർത്താവിന് ഇത് അറിയാമായിരുന്നു അതുകൊണ്ട് അവൻ നമുക്കു മുന്നറിയിപ്പും തന്നിട്ടുണ്ട്. പുഴുവും തുരുമ്പും കെടുക്കയും കള്ളൻമാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളൻമാർ തുരന്നു മോഷ്ടിക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും (മത്തായി 6:19-21). ഈ ലോകജീവിതത്തിൽ മുൻഗണന കൊടുക്കേണ്ട കാര്യങ്ങൾ നാം ശ്രദ്ധേയമായി മനസിലാക്കണം. ലൗകിക ഭ്രമം വെച്ചുകൊണ്ടിരുന്നാൽ നമുക്ക് മതി എന്ന് പറയാൻ പററുകയില്ല നമ്മുടെ ജീവിതത്തിൽ എന്തെങ്കിലും നേടണമെങ്കിൽ ക്രിസ്തു പറഞ്ഞ രീതിയിൽ നമ്മുടെ മനസു മാററിയാലേ പററൂ.

## ഭൗതികമായവയിൽ ആശ്രയിച്ചാലുള്ള മൗഢ്യത

നിത്യജീവൻ കൈവരിക്കാൻ ആഗ്രഹിച്ച് യേശുക്രിസ്തുവിന്റെ അടുക്കൽ ഒരു ധനികനായ യുവാവ് വന്നു. അവൻ അതിനായി എന്തു ചെയ്യേണമെന്നും ചോദിക്കയുണ്ടായി. യേശു അവനോട് സൽഗുണ പൂർണ്ണൻ ആകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ നിനക്കുള്ളതു വിററു ദരിദ്രർക്കു കൊടുക്ക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്നു എന്നെ അനുഗമിക്ക എന്നു പറഞ്ഞു. യൌവ്വനക്കാരൻ വളരെ സമ്പത്തുള്ളവൻ ആകയാൽ ഈ വചനങ്ങളെ കേട്ടിട്ടു ദുഃഖിച്ചു പൊയ്ക്കളഞ്ഞു" (മത്താ. 19:16-22). ഭൗതികമായതിൽ ആശ്രയിച്ചാലുള്ള കുഴപ്പം വ്യക്തമായല്ലൊ. അനശ്വരവും അപ്രമേയവുമായ ധനത്തെ അവൻ നശ്വരവും താൽക്കാലികവുമായ ധനത്തെ സ്നേഹിക്കകൊണ്ട് തള്ളിക്കളയുകയാണ് ചെയ്തതു. ഇതെത്ര

പരിതാപകരമാണ്? അപ്പൊസ്തലനായ പൌലൊസ് പറഞ്ഞിരിക്കുന്നതു: ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടു വന്നിട്ടില്ല; ഇവിടെ നിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉൺമാനും, ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്നു നാം വിചാരിക്ക ധനികൻമാർ ആകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപ്പോകുവാൻ ഇട വരുന്ന മൌഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണമല്ലൊ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടകന്നു ബഹുദുഃഖങ്ങൾക്കു അധീനരായി തീർന്നിരിക്കുന്നു (1 തിമൊഥെയോസ് 6:7-10). ഒരു ആയുഷ്ക്കാലം മുഴുവൻ കഠിനമായി അദ്ധ്വാനിച്ച് അനേക വസ്തുക്കൾ നേടിയെടുത്തു. എന്നാൽ ഇവിടം വിട്ടുപോകുമ്പോൾ അതെല്ലാം വിട്ടിട്ടു പോകേണ്ടി വരുന്നതു എത്ര പരിതാപകരമാണെന്ന് ചിന്തിച്ചിട്ടുണ്ടോ ?

ചില ആളുകൾ വിശ്വസ്തമായി പിടിച്ചുവെച്ചിരിക്കുന്ന മനോഭാവത്തെ ക്രിസ്തു ഒരു കഥയിലൂടെ ചിത്രീകരിച്ചിരിക്കുന്നു. ഒരു മനുഷ്യനു സമൃദ്ധിയുണ്ടായപ്പോൾ അവൻ പറയുന്നതു നോക്കു: "ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ചു അധികം വലിയവ പണിതു എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവെക്കും. എന്നിട്ടു എന്നോടു തന്നെ: നിനക്കു ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചുവെച്ചിരിക്കുന്നു; ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും. ദൈവമോ അവനോടു; മൂഢാ ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നേ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെയാകുന്നു (ലൂക്കൊസ് 12:18-21). ധനം സമ്പാദിച്ചു സമൃദ്ധിയിലെത്തുന്നയാൾ, തനിക്കു ഇനി ദൈവത്തെ വേണ്ട എന്ന തോന്നലിലെത്തും ക്രമേണ അവൻ

ദൈവത്തെ ഉപേക്ഷിക്കും. ഇതാണ് ഏതു കാലത്തും നടക്കുന്നതു. ലോകപ്രകാരം സ്ഥാനമാനങ്ങളും വൻസ്വത്തുക്കളും മററും സമ്പാദിച്ചവർ അതു ആസ്വദിക്കാൻ കഴിയാതെ മൺമറഞ്ഞു പോകയാണ് പതിവ്.

## ആത്മീയ കാര്യങ്ങളെ നാം അന്വേഷിക്കണം

മനുഷ്യൻെറ ഈ ഭൂമിയിലെ ഉദ്ദേശ്യം ദൈവത്തെ ഭയപ്പെട്ട് അവൻെറ കൽപനകളെ പ്രമാണിക്ക എന്നതായിരിക്കണം (സഭാപ്രസംഗി 12:13). സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചാൽ നാം അവിടേക്കു പണം അയക്കേണ്ട ആവശ്യമില്ല. നാം ദൈവത്തിൻെറ ഹിതപ്രകാരം അവനെ സേവിക്കുമ്പോൾ ദൈവത്തിൻെറ ബ്യാങ്കിൽ നാം നിക്ഷേപിക്കുകയാണ് ചെയ്യുന്നതു. ജീവനുള്ള യാഗമായി നമ്മുടെ ശരീരങ്ങളെ ഉപയോഗിക്കുന്നതു ആത്മീയ സേവനമാണ് (റോമർ 12:1). ആരാധന, തിരുവചനപഠനം, വിശക്കുന്നവനു ആഹാരം നൽകൽ, നഷ്ടപ്പെട്ടവനെ പഠിപ്പിക്കുന്നതു, ഇവയെല്ലാം ആത്മീയ ശുശ്രൂഷകളാണ്. ഇതെല്ലാം നാം ചെയ്യുമ്പോൾ നമ്മുടെ നിക്ഷേപം സ്വർഗ്ഗത്തിൽ സൂക്ഷിക്കുകയാണ്. നമുക്കുണ്ടായിരിക്കേണ്ട കാഴ്ചപ്പാടിനെ അപ്പൊസ്തലൻ കാണിച്ചു തരുന്നു. "കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നതു താൽക്കാലികം, കാണാത്തതോ നിത്യം (2 കൊരി. 4:18).

തർസ്സൊസുകാരനായ ശൗലിന് ബഹുദൂരം പ്രവർത്തിക്കേണ്ട മേഖലയുണ്ടായിരുന്നു. യെഹൂദൻമാർക്കിടയിൽ നല്ല പേർ സമ്പാദിച്ചവനും വിദ്യാഭ്യാസവും അഭിമാനവും കീർത്തിയും ഒരു പക്ഷെ സമ്പൽസമൃദ്ധിയും ഉണ്ടായിരുന്ന വ്യക്തിയായിരുന്നു അവൻ എന്നു പറയാം. അങ്ങനെയുള്ള ആൾ ക്രിസ്ത്യാനിയായി മാറിയപ്പോൾ കാര്യങ്ങൾ എല്ലാം തിരിഞ്ഞു. "ഈ നാഴിക വരെ ഞങ്ങൾ വിശന്നും ദാഹിച്ചും ഉടുപ്പാൻ ഇല്ലാതെയും കുത്തുകൊണ്ടും സ്ഥിരവാസം കൂടാതെയും ഇരിക്കുന്നു; സ്വന്ത കയ്യാൽ വേല ചെയ്തു അദ്ധ്വാനിക്കുന്നു; ശകാരം കേട്ടിട്ടു ആശിർവദിക്കുന്നു; ഉപദ്രവം

ഏററിട്ടു സഹിക്കുന്നു; ദൂഷണം കേട്ടിട്ടു നല്ല വാക്കു പറയുന്നു ഞങ്ങൾ ലോകത്തിന്റെ ചവറുപോലെയും ഇന്നുവരെ സകലത്തിന്റെയും അഴുക്കായും തീർന്നിരിക്കുന്നു (1 കൊരിന്ത്യർ 4:11-13). മാററം സംഭവിച്ചതെന്നു , ലോകത്തിന്റെ കാഴ്ചപ്പാടിൽ നന്നായിരുന്നില്ല. എന്നാൽ ഈ ലോകത്തെ പൌലൊസിന്റെ കാഴ്ച്ചപ്പാടിൽ നോക്കുമ്പോൾ എന്തു കാണുന്നു എന്നു ശ്രദ്ധിക്കുക. ''എങ്കിലും എനിക്കു ലാഭമായിരുന്നതു ഒക്കെയും ഞാൻ ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണിയിരിക്കുന്നു. അത്രയുമല്ല, എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നു എണ്ണുന്നു (ഫിലിപ്പിയർ 3:7-8). കാരണം അവന്റെ കാഴ്ച്ചപ്പാട് പഴയതിൽ നിന്നും വ്യത്യസ്ഥമായി തീർന്നു. ഭൌതികമായ നേട്ടങ്ങൾ ഒന്നുമല്ലാത്തതായി ഇപ്പോൾ ബോധ്യമായി. ആത്മീയമായ, കാണാത്ത കാര്യങ്ങളിൽ അവൻ തന്റെ ഉന്നം വെച്ചപ്പോൾ വിലയുള്ളതെല്ലാം അതിനാണെന്ന് മനസിലാക്കി.

## നമ്മുടെ ജീവിതത്തിൽ യേശുവിനു പ്രഥമസ്ഥാനം കൊടുക്കണം

സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിപ്പിൻ എന്നു കർത്താവ് പറഞ്ഞശേഷം അതു വിശകലനം ചെയ്യുന്നുണ്ട്. മുൻപേ ദൈവത്തിന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ എന്നതാണ് അതിൽ ഒരു ഭാഗം (മത്തായി 6:33). യേശുക്രിസ്തുവിന് നാം മുൻസ്ഥാനം കൊടുത്തില്ലെങ്കിൽ അവന് യാതൊരു സ്ഥാനവും യഥാർത്ഥത്തിൽ കൊടുക്കുന്നില്ല. ''എന്നേക്കാൾ അധികമായി അപ്പനേയോ അമ്മയേയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല എന്നു ക്രിസ്തു പഠിപ്പിച്ചിരിക്കുന്നു (മത്തായി 10:37). ആദ്യം ചെയ്യേണ്ട കാര്യങ്ങൾ ആദ്യം തന്നെ ചെയ്യണം. പിന്നീട് ചെയ്യേണ്ടവയെ ആദ്യം ചെയ്യാൻ ശ്രമിക്കരുതു. അപ്രകാരം നാം തീരുമാനിച്ചാൽ ആത്മീയ കാര്യങ്ങൾ ആദ്യം ചെയ്യും. അപ്പോൾ ഭൌതികമായവയെ സമ്പാദിക്കണമെന്നോ അതിനുവേണ്ടി

എന്തും ചെയ്യണമെന്നോ തോന്നുകയില്ല. കാരണം നമ്മുടെ വീക്ഷണം ഭൗതികമായതിനെ വിട്ട് ആത്മീയമായതിലേക്കു തിരിയും. നമ്മുടെ ലക്ഷ്യത്തിൽ തന്നെ മാററമുണ്ടാകും.

## നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും

ചിലപ്പോഴാം നാം ഈ പ്രസ്താവനക്കു കടകവിരുദ്ധമായി പ്രവർത്തിക്കുന്നു. അതായതു നമ്മുടെ ഹൃദയം എവിടെ സ്ഥിതി ചെയ്യുന്നുവോ അവിടെയാണ് നമ്മുടെ നിക്ഷേപങ്ങരം എല്ലാം (മത്തായി 6.21). നിക്ഷേപം എവിടെയോ അവിടേക്കു നമ്മുടെ ഹൃദയം നീങ്ങുന്നു. നമ്മുടെ സങ്കൽപവും, സമയവും ഊർജ്ജവുമെല്ലാം ലൗകീകമായ കാര്യങ്ങളിൽ സംഭരിച്ച് സൂക്ഷിച്ചാൽ ഹൃദയം എവിടെയായിരിക്കുമെന്ന് വ്യക്തമാക്കുകയാണ് അതു ചെയ്യുന്നതു ഒരാഠ തൻെറ നിക്ഷേപമെല്ലാം വ്യാപാരത്തിൽ ഇട്ടാൽ അയാളുടെ ഹൃദയം അതിൽ തന്നെയായിരിക്കും. ചില ആളുകരം തങ്ങളുടെ കഴിവും പണവും മററും സഭയ്ക്കും സഭാപ്രവർത്തനങ്ങരംക്കും വേണ്ടി ചെലവഴിക്കുന്നു. അവരുടെ ആ നിക്ഷേപം സ്വർഗ്ഗീയമായി കണക്കാക്കപ്പെടുന്നു. അങ്ങനെയുള്ളവരുടെ ഹൃദയം സ്വർഗ്ഗത്തിൽ ആയിരിക്കും (മത്തായി 6:19-23).

സ്വർഗ്ഗത്തിൽ പോകുന്നതിനെക്കുറിച്ച് നിങ്ങരം ചിന്തിച്ചിട്ടുണ്ടോ ? ലോകപ്രകാരമുള്ള എല്ലാം അനുഭവിച്ചശേഷം സ്വർഗ്ഗത്തിൽ പോകുവാനാണ് അധികം പേരും ആഗ്രഹിക്കുന്നതു. എന്തുകൊണ്ട് അവർക്കു സ്വർഗ്ഗത്തെക്കുറിച്ച് ആദ്യം തന്നെ ചിന്ത വരുന്നില്ല ? അതിനുള്ള ഉത്തരമാണ് നമ്മുടെ കർത്താവ് നൽകിയിരിക്കുന്നുതു: നിങ്ങളുടെ നിക്ഷേപം ഉള്ളേടത്തു നിങ്ങളുടെ ഹൃദയവും ഇരിക്കും എന്നതു.നമുക്കെല്ലാം സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിപ്പാനും നമ്മുടെ ഹൃദയങ്ങരം സ്വർഗ്ഗത്തിൽ എത്തുവാനും ദൈവം നമ്മെ ശക്തീകരിക്കട്ടെ. അവിടെ നമുക്ക് നിത്യമായ ധനം ആസ്വാദിക്കുവാൻ പററും.

★

# പ്രവാചകൻ

പി. ഫ്രാൻസിസ്

(തുടർച്ച)

## യെശയ്യാവ്

ആമോസിന്റെ മകനായി ജനിച്ചവനാണ് യെശയ്യാ പ്രവാചകൻ. യെഹൂദ്യയേയും യെരുശലേമിനെയും സംബന്ധിച്ചു പ്രവാചകനു ഉണ്ടായ ഒരു ദർശനത്തോടുകൂടി അവന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. ആ ദർശനത്തിൽ അവൻ കണ്ടതു പാപത്തിൽ മുഴുകി ജീവിച്ചുകൊണ്ടിരിക്കുന്ന ആ രാജ്യത്തിലെ ജനങ്ങൾക്കു ദൈവം നൽകുവാൻ പോകുന്ന ശിക്ഷയെ കുറിച്ചായിരുന്നു, അതു സംഭവിക്കാതിരിക്കുവാൻ ജനം എന്തു ചെയ്യണമെന്നു അവൻ ഇപ്രകാരം പ്രസ്താവിച്ചു. "തിൻമ ചെയ്യുന്നതു മതിയാക്കുവിൻ, നൻമ ചെയ്‌വാൻ പഠിപ്പിൻ. ന്യായം അന്വേഷിപ്പിൻ. പീഡിപ്പിക്കുന്നവനെ നേർവഴിക്കു ആക്കുവിൻ; അനാഥനു ന്യായം നടത്തിക്കൊടുപ്പിൻ; വിധവക്കുവേണ്ടി വ്യവഹരിപ്പിൻ, നിങ്ങളുടെ പാപങ്ങൾ കടും ചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും, രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും. നിങ്ങൾ മനസ്സുവെച്ചു കേട്ടനുസരിക്കുന്നുവെങ്കിൽ ദേശത്തിലെ നൻമ അനുഭവിക്കും. മറുത്തു മൽസരിക്കുന്നു വെങ്കിലോ നിങ്ങൾ വാളിന് ഇരയായിത്തീരും (യെശ. 1:1, 2:17-20).

അവരുടെ ജീവിതം എന്തുമാത്രം മ്ലേച്ഛത നിറഞ്ഞതായിരുന്നുവെന്നും, അതിനുള്ള ദൈവശിക്ഷ എന്തായിരിക്കുമെന്നും അവൻ ജനത്തിനു കാണിച്ചുകൊടുത്തു. ഒരു സത്യം കൂടി അവൻ എടുത്തു പറയുന്നു: യഹോവയെ ഉപേക്ഷിക്കുന്നവർ മുടിഞ്ഞുപോകും (യെശ. 1:28). അന്നു യഹോ

വഴെ ഉപേക്ഷിച്ചവർ നശിച്ചുപോയതായി ബൈബിളിൽ കാണുന്നു. സോദോം, ഗൊമോറെ എന്നി പട്ടണങ്ങൾ ഉദാഹരണങ്ങൾ മാത്രം (യെശ. 1:9). അത് ഇന്നും ലോകത്തിന്റെ നാനാഭാഗങ്ങളിലും ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ദൈവത്തെ ഉപേക്ഷിച്ച മനുഷ്യരും രാജ്യങ്ങളും നശിച്ചതായി നാം പത്രങ്ങളിൽ വായിച്ചറിയുകയും നേരിൽ ചിലതു കാണുകയും ചെയ്യുന്നു. വിവരമില്ലാത്ത വൈദ്യൻ രോഗിക്കു മരുന്നു നിശ്ചയിച്ചു ചികിൽസിക്കുന്നതുപോലെ ഭരണകർത്താക്കൾ നാശത്തിന്റെ ശരിയായ കാരണം കണ്ടാലും, കണ്ടില്ലെന്നു നടിച്ചു മനുഷ്യബുദ്ധികൊണ്ടുമാത്രം, നശിച്ചുകൊണ്ടിരിക്കുന്നു, തന്റേതെന്നു സ്വയം അവകാശപ്പെടുന്ന രാജ്യത്തെ രക്ഷിക്കുവാൻ ശ്രമിക്കുന്നു. അവസാനം അവനും രാജ്യവും നശിക്കുന്നു.

നമ്മുടെ വീട്ടിൽ ടി. വി. ക്ക് കേടു സംഭവിച്ചാൽ, നാം എന്തു ചെയ്യുന്നു ? അതിൽ പരിചയ സമ്പന്നനായ ഒരാളെ കണ്ടെത്തി, അയാളെ ക്കൊണ്ട് അതു നന്നാക്കി എടുക്കുന്നു. പകരം ടി. വി. എന്താണെന്നു പോലും അറിയാത്ത ഒരാളെ കൊണ്ടു അതു നന്നാക്കി എടുക്കുവാൻ ശ്രമിച്ചാൽ ഫലം എന്തായിരിക്കും ? അതിനെ എന്നെന്നേയ്ക്കുമായി ചവററു കൊട്ടയിൽ എറിയേണ്ടി വരും. ഇതു തന്നെയാണ് ലോകത്തിന്റെയും സ്ഥിതി. ദൈവം സൃഷ്ടിച്ച ഈ ലോകത്തിന് കേട് സംഭവിച്ചാൽ ദൈവത്തെ നന്നായി പഠിച്ചു മനസ്സിലാക്കിയ ഒരു വ്യക്തിക്കു മാത്രമേ അതിനു പരിഹാരം നിർദേശിക്കുവാൻ സാധിക്കുകയുള്ളു. അല്ലാതെ ലോകത്തിൽ മുഴുകി ജീവിക്കുന്ന ഒരു രാഷ്ട്രീയക്കാരനോ, ഭരണാധികാരിക്കോ, സാമ്പത്തിക ശാസ്ത്രജ്ഞനോ ഈ ലോകത്തിന്റെ കേട് മാററി മുമ്പോട്ടു നയിച്ചുകൊണ്ടു പോകുവാൻ സാധിക്കുകയില്ല. എന്നാൽ ദൈവത്തിന്റെ വഴികളിലൂടെ ലോകത്തിനു സംഭവിച്ചിരിക്കുന്ന കേട് ഇല്ലാതാക്കുവാൻ അവർ സമ്മതിക്കുകയുമില്ല. കാരണം അവരുടെ

നിൽനിൽപ് ഇല്ലാതാകും. ജനത്തിന്റെ നിലനിൽപിനേക്കാൾ അവർ അവരുടെ നിലനിൽപിന് പ്രാധാന്യം നൽകുന്നു. ഫലം, ഭരണകർത്താക്കളുടെ പല അഴിമതികളും പുറത്തേക്കു വരുന്നു. അവർ അഴിമതിക്കാർ ആകുമ്പോൾ ജനം അവർക്കെതിരെ ദൈവത്തോടു നിലവിളിക്കുന്നു ഭരണം അവരിൽ നിന്നും തെറിച്ചുപോകുന്നു.

ഈ ലോകത്തിൽ കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ചതും, ഇന്നു സംഭവിച്ചുകൊണ്ടിരിക്കുന്നതും, ഭാവിയിൽ സംഭവിപ്പാൻ പോകുന്നതുമായ ആത്മീയ കാര്യങ്ങൾ ദൈവത്താൽ മാത്രം ഉളവാകുന്നതാണ്. അതെല്ലാം മുൻകൂട്ടി ദൈവം മനുഷ്യനെ അറിയിക്കുകയും ചെയ്യുന്നു. യേശുവിന്റെ ജനനത്തെക്കുറിച്ചു യെശയ്യാവ് ഇപ്രകാരം പ്രവചിച്ചു. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവനു ഇമ്മാനുവേൽ എന്നു പേർ വിളിക്കും" (യെശ. 7:14). ദൈവം ഭാവിയിലെ കാര്യങ്ങൾ അവനു വെളിപ്പെടുത്തികൊടുത്തതുകൊണ്ടു മാത്രം അവനു അതു പ്രവചിക്കുവാൻ കഴിഞ്ഞു. യേശുവിനു നൽകുവാൻ പോകുന്ന പേരുകൾ അവൻ പ്രവചിച്ചു. "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവന്നു അൽഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവു, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശ. 9:8). പിൽക്കാലത്തു ഇതെല്ലാം സംഭവിക്കുകയും ചെയ്തു.

ഓരോ രാജ്യങ്ങളുടെയും പേര് എടുത്തു പറഞ്ഞുകൊണ്ടു അതിനു സംഭവിപ്പാൻ പോകുന്ന നാശത്തെ കുറിച്ചു വ്യക്തമായി മുൻകൂട്ടി യെശയ്യാവ് പ്രവചിച്ചു (13-ാം അദ്ധ്യായം മുതൽ 37 വരെയുള്ള അദ്ധ്യായത്തിൽ) അതെല്ലാം പിൽക്കാലത്തു അക്ഷരം പ്രതി സംഭവിച്ചു.

★

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# സ്നേഹം

**E. K. തേപ്പുപാറ**

സന്ദർഭം : സ്നേഹം തരുവാൻ ഈ അഖിലത്തിൽ ഒരേ ഒരാൾ മാത്രമേ ഉള്ളൂ എന്ന് കവി പാടുന്നതാണ് കവിതയുടെ സാരാംശം.

ഇമ്പം തരേണ്ടുന്ന വാക്കുകളത്രയും,
തുമ്പം തരുന്നൊരു പൊള്ളാപ്പുതന്നെയും.
ഹൃത്തിൽ എറിയുന്ന വാക്കുകളത്രയും,
തൻമാറിൽ തന്നെ തറയ്ക്കുമേ കൂട്ടരെ.

ഒന്നു ഞാനോതുകിൽ നന്നായറിയണേ,
എല്ലാം വെറുമൊരു മായയേ മായയേ.
നേർവഴി ഒന്നുണ്ടു ആ വഴിയേതെന്ന്,
കണ്ടുപിടിക്കുകിൽ കാണുമേ സോദരാ.

സത്യം പറഞ്ഞാൽ കളവെന്നു ചൊല്ലുന്ന,
നെഞ്ചകം പൊട്ടുന്ന വിസ്മയലോകത്തിൽ,
സ്നേഹം പകരുവോരാരുണ്ടു കൂട്ടരേ.
ആരേയും കാണില്ല കണ്ടതുമില്ലഹോ,

സ്നേഹം തരുന്നൊരു സ്വർഗ്ഗപിതാവഹോ,
എൻ മകനെ പിന്നെ നക്കളെ എന്നു താൻ.
ആദിയും ഇല്ലാതെ അന്തവുമില്ലാതെ.
എങ്ങോട്ടുരുളുന്നു വഞ്ചകലോകമേ.

സ്നേഹം പകരുവാൻ ആരുണ്ടഖിലത്തിൽ,
ആരെങ്കിലും അതു കണ്ടവരുണ്ടെങ്കിൽ.
കാൽവറി ക്രൂശതിൽ കഷ്ടം സഹിച്ചൊരു,
ശ്രീയേശു സ്നേഹക്കൊടി തന്നെ സ്നേഹമേ.

★

# പരിശുദ്ധാത്മാവിൽ നിറയപ്പെടുന്നതെങ്ങനെ? ജീവിക്കുന്നതെങ്ങനെ?

റവ്. സി. രാജൻ തുമരംപാറ

ഇന്ന് അനേകം വിശ്വാസികൾ തങ്ങളുടെ വിശ്വാസ ജീവിതത്തിൽ പരാജയപ്പെട്ട് നിരാശരായി പിൻതിരിയുന്നു. അതിനുള്ള കാരണം എന്താണ് എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. ഒരു വിശ്വാസിയെ സംബന്ധിച്ച് നാം പഠിക്കുമ്പോൾ ആത്മനിറവിൽ ജീവിതം നയിക്കുമ്പോഴാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം ധന്യമാകുന്നത്. എന്നാൽ ആത്മനിറവ് എപ്പോഴാണ് സാധ്യമാകുന്നത് എന്ന് ചിന്തിക്കുന്നത് ഉചിതം തന്നെ. ദൈനംദിന ജീവിതത്തിൽ എങ്ങനെ അത് മനസിലാക്കാം? അതിനു മുൻപായി പരിശുദ്ധാത്മാവ് ആരാകുന്നുവെന്നും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെപ്പററിയും അൽപമായി ചിന്തിക്കുന്നത് നന്നായിരിക്കും.

**പരിശുദ്ധാത്മാവ് ആരാകുന്നു?**- ദൈവം ആത്മാവാകുന്നു [യോഹ. 4:24]. പരിശുദ്ധാത്മാവിന് എബ്രായ പദം രൂഹാ എന്നാണ്. അതിന് ''ദൈവത്തിൽ നിന്ന് 'ജീവൻ' പ്രദാനം ചെയ്യുന്ന ശക്തി എന്നാണ് ശരിയായ അർത്ഥം. അപ്പോൾ പരിശുദ്ധാത്മാവ് ദൈവം ആണ് എന്ന് മനസിലാക്കാം.''

## I. ആത്മാവിന് രണ്ടു ഗുണങ്ങൾ ഉണ്ട്.

ദൈവീക ഗുണങ്ങൾ [ദൈവം]

ധാർമ്മിക ഗുണങ്ങൾ

## ദൈവീക ഗുണങ്ങൾ

**a സർവ്വ വ്യാപിത്വം :-**

ഒരേ സമയത്ത് എല്ലായിടത്തും ആയിരിക്കുന്ന അവസ്ഥയാണ് സർവ്വ വ്യാപിത്വം എന്നു പറയുന്നത്. അത് ദൈവത്തിനു മാത്രമേയുള്ളു. അതും പരിശുദ്ധാത്മാവിനുണ്ട്. ആയതിനാൽ പരിശുദ്ധാത്മാവ് ദൈവമാണ് [സങ്കീ. 139.7] മനുഷ്യന്റെ ഇച്ഛയ്ക്കും വികാരങ്ങൾക്കും ആഗ്രഹങ്ങൾക്കും ഇടയിലൂടെ സഞ്ചരിച്ച് മനുഷ്യൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും മനസിലാക്കി ഭൂലോകം മുഴുവനും സ്വർഗ്ഗാദിസ്വർഗ്ഗങ്ങളും അവന്റെ ആത്മാവ് നിറഞ്ഞുനിൽക്കുന്നു. അനന്യാസിനെയും സഫീരയേയും കുറിച്ചുള്ള സംഭവം സുപരിചിതമാണല്ലോ [അപ്പൊ. 5:1]. മനുഷ്യന് ഒരിക്കലും ദൈവത്തിന്റെ [ആത്മാവിന്റെ] മുൻപിൽ നിന്ന് ഒളിച്ചോടുവാൻ കഴിയുകയില്ല. ആത്മാവിനെ ഒളിച്ച് ഒന്നും പ്രവർത്തിപ്പാനും സാധിക്കുകയില്ല 'നിന്റെ ആത്മാവിനെ ഒളിച്ച് ഞാനെവിടേക്കു പോകും, തിരുസന്നിധി വിട്ടു ഞാനെവിടേക്കു ഓടും.' ആദിയിൽ വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നതു പോലെ ആത്മാവ് സർവ്വഭൂമിയിലും സ്വർഗ്ഗങ്ങളിലും നിറഞ്ഞു നിൽക്കുന്നു. സാധാരണ മനുഷ്യന് തന്റെ മനസ്സുകൊണ്ട് വളരെ വിദൂരതയിലുള്ള ദേശത്തെപ്പററി ചിന്തിക്കുവാനും ഭാവനയിൽ കാണുവാനും കഴിയും. എന്നാൽ അവൻ സർവ്വവ്യാപിയല്ല. എന്നാൽ ആത്മാവ് സകല സ്ഥലങ്ങളിലും നിറഞ്ഞുനിൽക്കുന്നു. ആത്മാവ് ഒരു കാവൽക്കാരനെപ്പോലെ നമ്മെ പരിപാലിച്ചു കൊണ്ടിരിക്കുന്നു. തടുക്കുന്നവൻ എന്നാണ് ആത്മാവിനെപ്പററി പറഞ്ഞിരിക്കുന്നത് [2 തെസ്സ. 2:7-8]. ദൈവവചനം വീണ്ടും പറയുന്നു: ഇരുട്ടുപോലും നിനക്കു മറവായിരിക്കുകയില്ല; ഇരുട്ടും വെളിച്ചവും ആത്മാവിന് ഒരുപോലെ തന്നെ [സങ്കീ. 139:12].

**b** സർവ്വശക്തി :-

ദൈവത്തിന്റെ ലക്ഷണങ്ങളിൽ ഒന്നാണ് സൃഷ്ടിക്കുവാനുള്ള കഴിവ്. പരിശുദ്ധാത്മാവിന് ആ കഴിവുണ്ട്. 'ദൈവത്തിന്റെ ആത്മാവ് എന്നെ സൃഷ്ടിച്ചു, സർവ്വശക്തന്റെ ശ്വാസം എനിക്കു ജീവനെ തരുന്നു

[ഇയ്യോബ് 33:4].

**c** സർവ്വജ്ഞാനം :-

ദൈവവചനമാണ് ജ്ഞാനത്തിന്റെ കലവറ. യഹോവയുടെ പുസ്തകത്തിൽ വായിച്ചുനോക്കുവിൻ അവയിൽ ഒന്നും കാണാതിരിക്കുകയില്ല [യെശയ്യാ. 34:16] [2 പത്രൊ. 1:21] ജ്ഞാനിയായിരുന്ന ശലോമോൻ പറയുന്നത് എനിക്കറിഞ്ഞുകൂടാത്ത കാര്യങ്ങൾ നാലുണ്ട് [സദൃ 30:19] എന്നാൽ ശലോമോന് ജ്ഞാനം നൽകിയ ദൈവത്തിന്റെ അറിവ് എത്രയോ ശ്രേഷ്ഠം തന്നെ. ഇന്ന് ദൈവത്തെ പഠിപ്പിക്കുന്നവർ ഇല്ലാതില്ല ദൈവസൃഷ്ടിയിലും മററും തിരുത്തലുകൾ വരുത്തുവാൻ പെടാപ്പാടുപെടുന്ന മൂഢൻമാരായ മനുഷ്യർ. ദൈവത്തിന് ഒന്നും തെററിയിട്ടില്ല "തെററുപററുവാൻ അവൻ മനുഷ്യനല്ല. ഈയോബ് 26:7-ൽ പറയുന്നു, അവൻ ഭൂമിയെ നാസ്തിത്വത്തിൻമേൽ തൂക്കുന്നു. എത്രയോ ഭയങ്കരം ഈ പ്രകൃതിയുടെ ഓരോ ചലനങ്ങൾപോലും അവന്റെ ജ്ഞാനത്തിൻ കീഴിൽ കേന്ദ്രീകൃതമാണ്.

**d** നിത്യത്വം :- ദൈവത്തിന് മാത്രമുള്ള സ്വഭാവമാണ് നിത്യത്വം. ദൈവം ആത്മാവാണ് [യോഹ. 4:24]. അതിനാൽ നാശം ഒരിക്കലും സംഭവിക്കുകയില്ല. ആവർത്തനം 33:27-ൽ പുരാതനനായ ദൈവം നിന്റെ സങ്കേതം എന്നു പറഞ്ഞിരിക്കുന്നു. എബ്രായ ലേഖനക്കാരൻ പറഞ്ഞിരിക്കുന്നു നിത്യാത്മാവ് [എബ്രാ. 9:14] എന്ന്.

## II ധാർമ്മിക ഗുണങ്ങൾ

**a** സ്നേഹം :- മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹം നമുക്ക് കാണാൻ കഴിയും. പിതാവായ ദൈവം യേശു

വിനെ പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തും [വേർതിരിച്ചും] ദൈവം അവനോടുകൂടെ ഇരുന്നതിനാൽ **അവൻ നൻമ** ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കുകയും ചെയ്തു [അപ്പൊ. 10:38]. അവൻ നൻമ ചെയ്യുന്നത് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു. ആത്മാവിന്റെ സ്നേഹം എന്ന് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു [റോമർ 15:32]. ദൈവം സ്നേഹം തന്നെയെന്ന് യോഹന്നാൻ അപ്പോസ്തലൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു. സ്നേഹത്തിന്റെ ആത്മാവിനെയാണ് ദൈവം നമുക്ക് നൽകിയത് എന്ന് പറഞ്ഞിരിക്കുന്നു [2 തിമൊ. 1:7].

**b** ദയ:- ദൈവത്തിന്റെ ദയ നമ്മോടുള്ളതുകൊണ്ടാണ് നാം നിലനിൽക്കുന്നത് തന്നെ. ഈ അവസരത്തിൽ സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടു നാം മനസ്സിലാക്കേണ്ടതുണ്ട്. "സൈന്യത്താലല്ല ശക്തിയാലുമല്ല **"എന്റെ ആത്മാവിനാലത്രേ"** എന്നു സൈന്യങ്ങളുടെ യഹോവ അരുളി ചെയ്യുന്നു [സെഖ. 4:6]. എന്റെ ആത്മാവ് എന്ന് എടുത്തു പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ഇത് അവന്റെ ദയവുകൊണ്ടു മാത്രമാണെന്ന് മനസ്സിലാക്കാം.

**c** മനസ്സലിവ്:- അപ്പൊസ്തലനായ പൌലൊസ് പറയുന്നു സഹോദരൻമാരേ ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത് [റോമർ 12:1]. അവൻ വാസ്തവമായി നമ്മെ മനസ്സിലാക്കുന്നു. "നമ്മുടെ പ്രകൃതി അവൻ അറിയുന്നുവല്ലോ '**നാം പൊടി**' എന്ന് അവൻ ഓർക്കുന്നു [സങ്കീ. 103:14].

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ, ഇരിട്ടി.

## 7. ലവൊദിക്യ സഭ (വെളി. 3:14-22)

ലവൊദിക്യ നഗരം, ഏഷ്യാമൈനറിലെ ലൈക്കസ് നദീതീരത്തുള്ള ഫലപുഷ്ടമായ സമതല മേഖലയിൽ സ്ഥിതി ചെയ്തിരുന്നു. ഫിലദെൽഫ്യയിൽ നിന്ന് ഏഴ് മൈൽ തെക്ക് കിഴക്കായും, എഫെസൊസിൽ നിന്ന് നൂററിഅറുപതു മൈൽ കിഴക്കും ആയിരുന്നു ലവൊദിക്യ നഗരം പണിയപ്പെട്ടിരുന്നത്. കൊലൊസ്സ്യ, ഹിയരപ്പൊലീസ് എന്നീ നഗരങ്ങളുടെ സമീപവുമായിരുന്നു. സിറിയായിലെ അന്ത്യോക്കസ് എന്ന രാജാവ് തന്റെ പ്രിയ പത്നി ലവൊദിക്യയുടെ സ്മരണക്കായി ബി. സി. 250-ൽ പ്രസ്തുത നഗരം പണിയപ്പെട്ടിരുന്നു. മററു നഗരങ്ങളുമായി പ്രധാന രാജപാതകൾ ബന്ധപ്പെട്ടിരുന്നതിനാൽ ലവൊദിക്യനഗരം അക്കാലത്ത് വളരെ വാണിജ്യ പ്രാധാന്യമുള്ള ഒന്നായി മാറിയിരുന്നു. റോമാസാമ്രാജ്യത്തിന്റെ ആധിപത്യകാലത്ത് ലവൊദിക്യ നഗരം സാമ്പത്തികമായും, വ്യവസായപരമായും വളരെ സമൃദ്ധിയിൽ മുന്നേറിയിരുന്നു. ആസ്യയിലെ ഏററവും പ്രധാന നഗരങ്ങളിൽ ഒന്നായിരുന്നു ലവൊദിക്യ. നഗരത്തിന്റെ പ്രൗഢതയും മനോഹാരിതയും, സമ്പൽ സമൃദ്ധിയും കൊണ്ട് നഗരവാസികൾ ദൈവത്തെപ്പോലും മറന്നു കളഞ്ഞു.

ലവൊദിക്യ നഗരത്തിലെ ഏററവും പ്രധാനപ്പെട്ട വ്യവസായം, വർണ്ണമനോജ്ഞവും വൈവിധ്യവുമാർന്ന വൂളൻ (Woollen) പരവതാനികൾ ഉൽപാദിപ്പിച്ചായിരുന്നു. അതുപോലെ തന്നെ എല്ലാ വിധമായ കമ്പോളസാധനങ്ങളും ലവൊദിക്യ നഗരത്തിൽ ക്രയവിക്രയം ചെയ്തിരുന്നു. പല

ദേവൻമാരുടെ ക്ഷേത്രങ്ങളും, കണ്ണിനുള്ള ചികിൽസാലയവും പ്രവർത്തിച്ചിരുന്നു കണ്ണിൽ എഴുതുവാനുള്ള ലേപനവും അവിടെ വിൽക്കപ്പെട്ടിരുന്നു.

ധാരാളം മന്ദോഷ്ണജലം പുറപ്പെടുന്ന ഉറവകൾ ലവൊദിക്യയിൽ ഉണ്ടായിരുന്നു. ആ ജലം ഉപയോഗിച്ചാൽ ഓക്കാനവും ഛർദ്ദിയും ഉളവാക്കിയിരുന്നു. ശുദ്ധജലദൗർലഭ്യം ആ നഗരത്തിന്റെ തീരാശാപമായിരുന്നു. ലവൊദിക്യനഗരത്തിൽ യെഹൂദൻമാർക്ക് വളരെ സ്വാധീനത ഉണ്ടായിരുന്നു.

ക്രിസ്തുവിന്റെ സഭ ലവൊദിക്യയിൽ സ്ഥാപിതമായത് പൌലൊസ് എഫെസൊസിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കാലയളവിലാണ്. പൌലൊസ് എഫെസൊസിലുള്ള തുറന്നൊസിന്റെ പാഠശാലയിൽ ദിനംപ്രതി സംവാദിച്ചു പോന്നിരുന്നു. "അത് രണ്ടു സംവൽസരത്തോളം നടക്കയാൽ ആസ്യയിൽ പാർക്കുന്ന യെഹൂദൻമാരും യവനന്മാരും എല്ലാം കർത്താവിന്റെ വചനം കേൾപ്പാൻ ഇടയായി" (അപ്പോ 19:10). പൌലൊസിന്റെ കൂട്ടുവേലക്കാരനും, യേശുക്രിസ്തുവിന്റെ ദാസനുമായ എപ്പഫ്രാസ് മുഖാന്തരം ലവൊദിക്യയിൽ സുവിശേഷം അറിയിക്കപ്പെട്ടു എന്നുള്ള സൂചന പൌലൊസിന്റെ കൊലൊസ്സ്യാലേഖനത്തിൽ നിന്നും തെളിയിക്കപ്പെടുന്നുണ്ട്. "നിങ്ങളിൽ ഒരുത്തനായി ക്രിസ്തുയേശുവിന്റെ ദാസനായ എപ്പഫ്രാസ് നിങ്ങളെ വന്ദനം ചെയ്യുന്നു; നിങ്ങൾ തികഞ്ഞവരും ദൈവഹിതംസംബന്ധിച്ചൊക്കെയും പൂർണ്ണ നിശ്ചയമുള്ളവരുമായി നിൽക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ നിങ്ങൾക്കുവേണ്ടി എപ്പോഴും പോരാടുന്നു. നിങ്ങൾക്കും ലവൊദിക്യക്കാർക്കും ഹിയരപൊലിക്കാർക്കും വേണ്ടി അവൻ വളരെ പ്രയാസപ്പെടുന്നു എന്നുള്ളതിനു ഞാൻ സാക്ഷി" (കൊലൊ 4:12, 13). എപ്പഫ്രാസ് മുഖാന്തരം ലവൊദിക്യ നഗരത്തിൽ ക്രിസ്തുവിന്റെ സഭ രൂപം പ്രാപിച്ചു എന്നു അനുമാനിക്കാമെങ്കിലും അർഹിപ്പൊസ് ആയിരുന്നിരിക്കാം സഭയുടെ ആദ്യത്തെ

മൂപ്പൻ (Elder). ''അർഹിപ്പൊസിനോടു കർത്താവിൽ ലഭിച്ച ശുശ്രൂഷ നിവർത്തിപ്പാൻ നോക്കണം എന്നു പറവിൻ'' (കൊലൊ. 4:17) പ്രസ്തുത വചനം നമ്മെ ചിന്തിപ്പിക്കുന്നു.

അപ്പൊസ്തലനായ പൌലൊസ് ലവൊദിക്യ സഭയ്ക്കും ലേഖനം എഴുതിയിട്ടുള്ളതായി കൊലൊസ്സ്യ സഭയ്ക്കുള്ള ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ''നിങ്ങളുടെ ഇടയിൽ ഈ ലേഖനം വായിച്ചു തീർന്നശേഷം ലവൊദിക്യ സഭയിൽ കൂടെ വായിപ്പിക്കയും, ലവൊദിക്യയിൽ നിന്നുള്ളത് നിങ്ങളും വായിക്കയും ചെയ്‌വിൻ''

(കൊലൊ. 4:16).

ആസ്യയിലെ ക്രിസ്തുവിന്റെ സഭകളിൽ, ലവൊദിക്യ സഭ ഏഴാമത്തെയും എല്ലാററിലും ഒടുവിലത്തെ സ്ഥാനത്തുമാണ്. അതിനാൽ ഈ അന്ത്യനാളുകളിൽ സഭകളിൽ കണ്ടുവരുന്ന സ്വഭാവലക്ഷണങ്ങൾ, ലവൊദിക്യ സഭയിൽ കാണുന്ന സ്വഭാവലക്ഷണങ്ങളോടു നമുക്ക് താരതമ്യപ്പെടുത്തി ചിന്തിക്കാവുന്നതും, പഠിക്കാവുന്നതുമാണ്.

ലവൊദിക്യയിലെ സഭയുടെ ദൂതൻ, സഭയുടെ മൂപ്പൻമാരെ ആണ് ഉദ്ദേശിച്ചു പറയുന്നത്. ലവൊദിക്യയിലെ സഭയ്ക്ക് ദൂതു നൽകുന്ന കർത്താവിന്റെ സവിശേഷതയെ സംബന്ധിച്ചു ശ്രദ്ധിക്കുക. ''വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമേൻ എന്നുള്ളവൻ അരുളിച്ചെയ്യുന്നത്'' (വെളി. 3:14).

ലവൊദിക്യ സഭയ്ക്കു ദൂതു കൊടുക്കുന്ന നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് വിശ്വസ്തനും സത്യവാനുമായ ഒരു സാക്ഷിയാകുന്നു. തന്നെയുമല്ല ദൈവസൃഷ്ടിയുടെ ആരംഭമായ 'ആമേൻ' എന്നുള്ളവനുമാണ്. അവൻ എന്നന്നേക്കും തന്റെ വിശ്വസ്തതയ്ക്കും സത്യത്തിനും നീതിക്കും ഒട്ടും തന്നെ മാററു കുറയാത്തവനും, മാററമില്ലാത്തവനുമായ ഒരേ ഒരു സാക്ഷ്യമാണ്, ലോകത്തിൽ അവതരിച്ച

ദൈവപുത്രനായ യേശുക്രിസ്തു. യേശുക്രിസ്തുവി നോടു തുല്യനായി എണ്ണുവാൻ അവൻ മാത്രമേ ഉള്ളു. വിശ്വസ്തതയും, സത്യവും നീതിയും യേശുക്രിസ്തുവി ന്റെ സ്വഭാവമാണ്. "ചിലർ വിശ്വസിച്ചില്ല എങ്കിൽ അവ രുടെ അവിശ്വാസത്താൽ ദൈവത്തിന്റെ വിശ്വസ്തതയ്ക്ക് നീക്കം വരുമോ? ഒരു നാളും ഇല്ല" (റോമ. 3:3). "എന്റെ വി ശ്വസ്തതയ്ക്കു ഭംഗം വരുത്തുകയുമില്ല" (സങ്കീ. 89:33). അനാദിയായും ശാശ്വതമായും ഇരിക്കുന്ന നമ്മുടെ പിതാ വായ ദൈവവും കർത്താവുമായവൻ നിത്യനും മാററമില്ലാത്ത വനുമാണ്. അവൻ അൽഫയും ഒമേഗയും ആണ്. അവൻ വഴിയും സത്യവും ജീവനുമാണ്. അവൻ വിശ്വസ്തനും നീതിമാനുമാണ്.

യേശുക്രിസ്തു നമ്മുടെ ജീവിതാനുഭവങ്ങളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വിശ്വ സ്തത തലമുറ തലമുറയായി നമ്മോടുകൂടെ ഇരിക്കും (സങ്കീ 100:5). ദൈവം തന്റെ മക്കളെ വിളിച്ചു വേർതിരി ച്ചിരിക്കുന്നതിനാൽ അവന്റെ വിശ്വസ്തത എപ്പോഴും അവ രോടുകൂടെ ഉണ്ടായിരിക്കുന്നതാണ്. "നിങ്ങളെ വിളിക്കുന്ന വൻ വിശ്വസ്തൻ ആകുന്നു. അവൻ അതു നിവർത്തിക്കും" (1 തെസ്സ. 5:24) നമുക്ക് സഹിപ്പാൻ കഴിയാത്ത പരീക്ഷ കൾ നേരിടുമ്പോൾ, അതു നമുക്ക് സഹിപ്പാൻ കഴിയേണ്ട തിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴികളും നമു ക്ക് ഒരുക്കി തന്നു നമ്മെ വിശ്വസ്തതയോടെ പരിപാലിക്കു ന്നു (1 കൊരി. 10:13) "കർത്താവോ വിശ്വസ്തൻ; അവൻ നിങ്ങളെ ഉറപ്പിച്ചു ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തുകൊള്ളും" (2 തെസ്സ. 3:3). നമ്മുടെ ആത്മാവിനേ യും, പ്രാണനെയും ദേഹത്തെയും കർത്താവിന്റെ പ്രത്യക്ഷ തയിൽ അനിന്ദ്യമായി വെളിപ്പെടുവാൻ തക്കവണ്ണം അവൻ വിശ്വസ്തതയോടെ കാക്കപ്പെടുന്നു (1 തെസ്സ. 5:23).

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**HINDI**—Satya Susamachar—Speaker. Sunny David.
All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Tuesdays — 9.00 p.m. to 9.15 p.m.
Fridays — 9.00 p.m. to 9.15 p.m.

**TELUGU**—The Voice of Truth—Speaker : Joshua Gootam
All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Tuesdays — 2.00 p.m. to 2.15 p m.
Thursdays — 2.15 p.m. to 2.30 p.m.
Fridays — 2.15 p.m. to 2.30 p.m.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.
All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Sundays — 6.45 p.m. to 7.00 p.m.
Thursdays — 6.45 p.m. to 7.00 p.m.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese
All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Fridays — 3.15 p.m. to 3.30 p.m.

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Fridays — 7.45 p.m. to 8.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 p.m. to 2.00 p.m.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis. 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To